**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ ഓഴൂർ വില്ലേജിലെ 2.2055 ഹെക്ടർ സ്ഥലം തന്നൂർ സി.എച്ച്.എം.കെ.എം ഗവണ്മെന്റ് ആർട് സ് & സയൻസ് കോളേജിനു വേണ്ടി ഏറ്റെടുക്കുന്നത് - സാമൂഹ്യാഘാത പഠനം - വിദഗ്ധ സമിതി ശുപാർ ശ - 2013-ലെ എൽ.എ.ആർ.ആർ നിയമപ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അംഗീകാരം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**റവന്യൂ (ബി) വകുപ്പ്**

**സ.ഉ.(കൈ) നം.255/2019/റവ.** തീയതി,തിരുവനന്തപുരം, 06/08/2019

---

പരാമർശം:- 1. 20-10-2018-ലെ സ.ഉ.(അച്ചടി) 65/2018/റവ നമ്പർ സർക്കാർ ഉത്തരവ്.

2 . മലപ്പുറം ജില്ലാ കളക്ടറുടെ 20-07-2019 ലെ DCMPM/11424/2018-LA4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ ഓഴൂർ വില്ലേജിൽ താനൂർ സി.എച്ച്.എം.കെ.എം ഗവണ്മെന്റ് ആർട് സ് & സയൻസ് കോളേജ് സ്ഥാപിക്കുന്നതിനു വേണ്ടി 2.2055 ഹെക്ടർ സ്ഥലം 2013-ലെ എൽ.എ.ആർ.ആർ. നിയമ പ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി പരാമർ ശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ് മെന്റ്, തൈക്കാട്, തിരുവനന്തപുരം എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയുണ്ടായി. 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 5 പ്രകാരം ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ ആവലാതികൾ കേൾക്കുന്നതിന് പബ്ലിക് ഹിയറിംഗ് നടത്തിയിട്ടുള്ളതുമാണ്. 2013 -ലെ എൽ.എ.ആർ.ആർ നിയമത്തിലെ സെക്ഷൻ 6 പ്രകാരം സാമൂഹ്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ജില്ലാ ഭരണകൂടത്തിന് ലഭ്യമാക്കുകയും, ഗവണ്മെന്റ് വെബ് സൈറ്റിലും ജില്ലാ ഭരണകൂടത്തിന്റെ വെബ് സൈറ്റിലും റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 7 പ്രകാരം സാമൂഹ്യാഘാത പഠനം വിലയിരുത്തുന്നതിനായി മലപ്പുറം ജില്ലാ കളക്ടർ വിദഗ്ധ സമിതിയെ രൂപീകരിക്കുകയുണ്ടായി

വിദഗ്ധ സമിതിയുടെ ശുപാർശ ലഭിച്ചുകഴിഞ്ഞാൽ 2013 -ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 8 സബ് സെക്ഷൻ (1) (എ) മുതൽ (ഇ) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശുപാർശയും സാമൂഹ്യാഘാത പഠന റിപ്പോർട്ടും ജില്ലാ കളക്ടർ പരിശോധിച്ച് ശുപാർശ സഹിതം സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുണ്ട്. ആയതുപ്രകാരം മലപ്പുറം ജില്ലാ കളക്ടർ വിദഗ്ധ സമിതിയുടെ ശുപാർശ പരാമർശം ( 2 ) പ്രകാരം സമർപ്പിക്കുകയുണ്ടായി. 2013-ലെ

എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 8 സബ് സെക്ഷൻ 2 പ്രകാരം പ്രസ്തുത പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് ആക്ടിലെ നിർദ്ദേശങ്ങൾ തൃപ്തികരമാകുന്ന പക്ഷം ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടരണമോ വേണ്ടയോ എന്ന കാര്യം സർക്കാരിനു തീരുമാനിക്കാവുന്നതാണ്. ഈ കേസിൽ വിദഗ്ധ സമിതി ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ട് പോകാൻ ശുപാർശ ചെയ്തിട്ടുള്ളതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിദഗ്ധ സമിതിയുടെ ശുപാർശ, സാമൂഹ്യാഘാത പഠന റിപ്പോർട്ട്, മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ഓഴൂർ വില്ലേജിൽ താനൂർ സി.എച്ച്.എം.കെ.എം ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ് സ്ഥാപിക്കുന്നതിനു വേണ്ടി, 2.2055 ഹെക്ടർ ഭൂമി, പ്രസ്തുത ഭൂമിയിൽ നെൽവയൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും നടപടിക്രമങ്ങൾ പാലിച്ച് മാത്രമെ പരിവർത്തനം ചെയ്യാവൂ എന്ന വ്യവസ്ഥക്ക് വിധേയമായി 2013-ലെ എൽ.എ.ആർ.ആർ. നിയമപ്രകാരം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ജാഫർഖാൻ.എസ്**
**ഡെപ്യൂട്ടിസെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & എൻ.എം) ഡിപ്പാർട്ട്മെന്റ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ

Signature Not Verified
Digitally signed by BINU VARGHESE
Date: 2019.08.07 13:13:20 IST
Reason: Approved